# പരിതാപകരമായ പദ്ധതിനടത്തിപ്പുകൾ

**സാമ്പത്തികവർഷം തുടങ്ങുന്നതിനുമുമ്പ് ബജറ്റ് പാസാക്കാത്ത പതിവ് പദ്ധതിനടത്തിപ്പിന്റെ താളം തെറ്റിക്കുന്നു. ഇത് യാദൃച്ഛികമായി നടക്കുന്നതല്ല. മറിച്ച് ഒരു സൂത്രപ്പണിയാണ്**



**ഡോ. ബി.എ. പ്രകാശ്**

മാതൃഭൂമി 19-4-2017

2016-17ലെ സംസ്ഥാന പദ്ധതിനടത്തിപ്പ് വളരെ മോശമാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാന വാർഷികപദ്ധതി പ്രധാനമായും രണ്ടിനങ്ങൾ ചേർന്നതാണ്. സംസ്ഥാനപദ്ധതിയും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയും. 2016-17ൽ സംസ്ഥാന പദ്ധതി അടങ്കൽ 18,500 കോടി രൂപയും തദ്ദേശസ്ഥാപനങ്ങളുടേത് 5500 കോടി രൂപയുമാണ്. 2017 മാർച്ച് 30 വരെ സംസ്ഥാന പദ്ധതിയുടെ 58 ശതമാനവും തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിയുടെ 52 ശതമാനവും ചെലവഴിച്ചതായി റിപ്പോർട്ടുണ്ട്. സാമ്പത്തികവർഷം അവസാനിക്കാൻ ഒരു ദിവസംമാത്രം ബാക്കിനിൽക്കെ ഈ രീതിയിലുള്ള പദ്ധതിനടത്തിപ്പ് ഏതുമാനദണ്ഡംവെച്ച് നോക്കിയാലും മോശമാണ്.

ഒരുവർഷം സമയമുണ്ടായിട്ടും വാർഷികപദ്ധതികളിൽ ഭൂരിഭാഗവും നടത്തിത്തുടങ്ങുന്നത് സാമ്പത്തികവർഷത്തിന്റെ അവസാന മൂന്നുമാസത്തിലാണ്. സംസ്ഥാന വാർഷികപദ്ധതിയുടെ മൊത്തംതുകയിൽ 2016 നവംബർ വരെ ചെലവാക്കിയത് 32 ശതമാനമാണ്. 2017 മാർച്ച് 30 വരെ ചെലവാക്കിയത് 58 ശതമാനം മാത്രം. വൻകിട അടിസ്ഥാനഘടകപദ്ധതികളുടെ ചെലവ് വളരെ മോശമാണ്.

മുൻവർഷത്തെക്കാൾ 2016-17ൽ ധനപ്രതിസന്ധി രൂക്ഷമായതും നിത്യനിദാനച്ചെലവുകൾ കഴിഞ്ഞ് പദ്ധതിനടത്തിപ്പിന് പണമില്ലാത്ത അവസ്ഥയുണ്ടാകുകയും ചെയ്തതാണ് പദ്ധതിനടത്തിപ്പ് മോശമായതിന്റെ പ്രധാന കാരണം. ബജറ്റിലെ കണക്കുകളനുസരിച്ച് 2016-17ൽ റവന്യൂകമ്മി, ധനക്കമ്മി, പൊതുകടത്തിന്റെ തോത് എന്നിവ മുൻവർഷത്തേക്കാൾ വർധിച്ചു. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തികമാന്ദ്യവും നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതങ്ങളും ധനസ്ഥിതി രൂക്ഷമാക്കുന്നതിന് ഇടയാക്കി.

വിഭവങ്ങളുടെ ലഭ്യത പരിഗണിക്കാതെ ഊതിപ്പെരുപ്പിച്ച വാർഷികപദ്ധതി രൂപവത്കരണമാണ് മോശമായ പദ്ധതിനടത്തിപ്പിന്റെ മറ്റൊരു കാരണം. സംസ്ഥാന വാർഷികപദ്ധതി പ്രവർത്തനങ്ങളെ പരിശോധിച്ച് വാർഷികപദ്ധതിയെക്കാൾ വലിയ പദ്ധതി പ്രഖ്യാപിക്കുന്നതാണ് സംസ്ഥാനത്തെ രാഷ്ട്രീയമുന്നണികളുടെ ധനരാഷ്ട്രീയം.

സാമ്പത്തികവർഷം തുടങ്ങുന്നതിനുമുമ്പ് ബജറ്റ് പാസാക്കാത്ത പതിവ് പദ്ധതിനടത്തിപ്പിന്റെ താളം തെറ്റിക്കുന്നു. ഇത് യാദൃച്ഛികമായി നടക്കുന്നതല്ല. സർക്കാർ പദ്ധതിച്ചെലവുകൾ സാമ്പത്തികവർഷത്തിന്റെ ആദ്യമാസങ്ങളിൽ നടത്താതിരിക്കാനുള്ള ഒരു സൂത്രപ്പണിയാണ്. മാർച്ച് അവസാനത്തിനുമുമ്പ് ബജറ്റ് പാസാക്കിയാൽമാത്രമേ സാമ്പത്തികവർഷാരംഭംമുതൽ സർക്കാർവകുപ്പുകൾക്ക് വാർഷികപദ്ധതികളിൽ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

നിത്യനിദാനച്ചെലവുകൾ കഴിഞ്ഞ് മിച്ചം പണമുണ്ടോയെന്ന് നോക്കിയിട്ടാണ് ധനവകുപ്പ് പ്രധാന പദ്ധതികൾ നടപ്പാക്കാൻ ഭരണാനുമതിയും ചെലവുനടത്താൻ അനുമതിയും നൽകുന്നത്. ഇതുമൂലം പദ്ധതികൾക്കുള്ള ഭരണാനുമതി കിട്ടാൻ വളരെ വൈകുകയും പദ്ധതിനടത്തിപ്പ് സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിലേക്ക് നീണ്ടുപോകുകയും ചെയ്യുന്നു. പദ്ധതികളുടെ ബില്ലുകൾ പാസാക്കിയെടുക്കാൻ ട്രഷറിയിൽ ഏർപ്പെടുത്തിയിരിക്കുന്ന കടുത്ത നിയന്ത്രണങ്ങൾ പദ്ധതികൾ നടത്തിപ്പ് തടസ്സപ്പെടുത്തുന്നു. നിത്യനിദാനച്ചെലവുകൾക്കുള്ള ബില്ലുകൾ മുന്തിയ പരിഗണനനൽകി പാസാക്കുമ്പോൾ പദ്ധതിത്തുകയ്ക്കുള്ള ബില്ലുകൾ ഓരോ തടസ്സം പറഞ്ഞ് പാസാക്കാതിരിക്കാൻ ശ്രമിക്കുന്നു.

തനത് നികുതിവരുമാനത്തിന്റെ സിംഹഭാഗവും സാമ്പത്തികവർഷത്തിന്റെ അവസാനപാദങ്ങളിലാണ് ലഭിക്കുന്നത്. തന്മൂലം ചെലവ് അവസാനപാദത്തിലേക്ക് നീട്ടിവെയ്ക്കാൻ ധനവകുപ്പ് പല മാർഗങ്ങളും പ്രയോഗിക്കുന്നു.

മെച്ചപ്പെട്ട പദ്ധതികളുടെ സ്കീമുകൾ തയ്യാറാക്കാനുള്ള സാങ്കേതികജ്ഞാനമുള്ള ഉദ്യോഗസ്ഥർ ഭൂരിഭാഗം സർക്കാർ വകുപ്പിലും ഇല്ലാത്തത് പദ്ധതികളുടെ രൂപവത്കരണത്തെയും നടത്തിപ്പിനെയും മോശമാക്കുന്നു.

രാഷ്ട്രീയപ്പാർട്ടികളും മുന്നണികളും അസംബ്ലി തിരഞ്ഞെടുപ്പുകാലത്ത് നാടിന്റെ വികസനമാണ് തങ്ങളുടെ ലക്ഷ്യമെന്നുപറഞ്ഞ് പ്രകടനപത്രികയുണ്ടാക്കുകയും പ്രചാരണം നടത്താറുമുണ്ട്. എന്നാൽ, സർക്കാർ അധികാരത്തിൽ വന്നാൽ സർക്കാർകാര്യം മുറപോലെ എന്നതിൽക്കവിഞ്ഞ് മന്ത്രിമാർ, വാർഷികപദ്ധതി രൂപവത്കരണത്തിനോ നടത്തിപ്പിനോ ഒരു പ്രാധാന്യവും നൽകാറില്ല. മന്ത്രിതലത്തിൽ പദ്ധതികൾ എത്രത്തോളം നടന്നെന്ന് പരിശോധിക്കുന്നതുപോലും സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിലാണ്.

**(അഞ്ചാം ധനകാര്യ കമ്മിഷൻ അധ്യക്ഷനായിരുന്നു ലേഖകൻ)**